## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 50 10.12.2012-ൽ മറുപടിയ്ക്ക്

**ഉന്നത ഉദ്യോഗസ്ഥതലത്തിലുള്ള നിരുത്തരവാദപരമായ സമീപനം**

| | **ചോദ്യം**<br>ശ്രീമതി കെ.എസ്. സലീഖ | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ജനകീയ പ്രശ്നങ്ങളിൽ ഉന്നതഉദ്യോഗസ്ഥതലത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ വസ്തുതകൾ പരിശോധിക്കാതെയും, പരാതികൾ കേൾക്കാതെയും നീതിന്യായ നിയമതത്വങ്ങൾ പാലിക്കാതെയും തീരുമാനമെടുക്കുന്ന ഒരു കൂട്ടം ഉന്നതഉദ്യോഗസ്ഥർ ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എങ്കിൽ ഇത്തരം ഉന്നത ഉദ്യോഗസ്ഥർക്ക് ഭരണനേതൃത്വത്തിലെ ചിലർ എല്ലാവിധ സഹകരണവും നൽകുന്നുവെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ബാധകമല്ല |
| (സി) | ഉന്നത ഉദ്യോഗസ്ഥർ എടുക്കുന്ന തീരുമാനങ്ങളിൽ അതൃപ്തി ഉണ്ടായിട്ടാണ് ബഹുഭൂരിപക്ഷംപേരും ഇപ്പോൾ കോടതികളെ അഭയം പ്രാപിക്കുന്നതെന്ന വസ്തുത ഗൗരവപൂർവ്വം കാണുമോ; വ്യക്തമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | സർക്കാർ തലത്തിൽ നീതിപൂർവ്വമായ തീരുമാനമെടുക്കാൻ നടപടി സ്വീകരിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങളുടെ ബാഹുല്യം കുറച്ചുകൊണ്ട് വരുന്ന കാര്യത്തിന് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ? | (ഡി) | സർക്കാർ തലത്തിൽ നീതിപൂർവ്വകമായ തീരുമാനങ്ങളാണ് കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ